# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്)അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം<br><br>ജൂൺ മാസം | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>**വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു - ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും<br><br>പ്രതിമാസം<br><br>വർഷത്തിൽ മൂന്ന പ്രാവശ്യം | മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ<br><br>4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമയുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്ന<br><br>**ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന | വർഷത്തിൽ രണ്ട്പ്രാവശ്യം | ഹെഡ് മാസ്റ്റർ,മലയാളം അധ്യാപകർ |

# ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷര ങ്ങൾ, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിച്ചുകൊണ്ട് എഴുത്തും വായനയും പരിശീലിപ്പി ക്കുക. | 1) ഓരോ ദിവസവും നിശ്ചിത എണ്ണം വാക്കുകൾ എഴുതിക്കുകയും അതിലെ തെറ്റുകൾ സ്വയം തിരിച്ചറിഞ്ഞ് ശരിയാ ക്കാൻ സഹായിക്കുകയും ചെയ്യുന്നു.<br>2) പദകേളി നടത്തുന്നു | ജൂൺ | മലയാളം അധ്യാപകർ |
| 2) അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | 3) അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുകയും വായിക്കുകയും ചെയ്യാൻ അവസരങ്ങൾ ഒരുക്കുന്നു.<br>4)നവമാധ്യമങ്ങളുടെസഹായത്ത ാൽ സ്ക്രീനിൽ തെളിയുന്ന വാക്യങ്ങൾ, കഥ കൾ, വാർത്തകൾ മുതലായവ വായി ക്കുന്നു.<br>5)ക്ലാസ് ലൈബ്രറി കൂടുതൽ സജീവമായി പ്രയോജനപ്പെടുത്തുന്നു. വായിക്കുവാൻ അവസരം നൽകി വായിച്ച പുസ്തകങ്ങ ളുടെ വായനക്കുറിപ്പ് എഴുതിക്കുന്നു. വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി ക്വിസ് നടത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| 3) സാഹിത്യാഭിരുചി വളർത്തുന്നു. | 6) വായന വാരാചരണത്തിന്റെ ഭാഗമായി വായനയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സാഹിത്യകൃതികൾ പരിചയപ്പെടുത്തുകയും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| 4) എഴുത്തും വായനയും ഉറപ്പിക്കുന്നു. | 7) അക്ഷരങ്ങൾ നൽകിക്കൊണ്ട് ചിഹ്നങ്ങൾ ചേർത്ത് എഴുതാവുന്ന പരമാവധി വാക്കുകൾ എഴുതിക്കുന്നു. | ജൂലൈ | മലയാളം അധ്യാപകർ |
| 5) മലയാളത്തിലെ പ്രമുഖ സാഹിത്യ കാരന്മാരെ അടുത്തറിയുന്ന | 8) സാഹിത്യകാരന്മാരെ അടുത്തറിയാനുള്ള സാഹചര്യം ഐ സി ടി സാധ്യത ഉപയോ ഗിച്ച് ക്ലാസ്സിൽ ഒരുക്കുന്നു. | ജൂലൈ | മലയാളം അധ്യാപകർ |
| 6)പ്രകൃതിസ്നേഹം വളർത്തുക. | 9) കേരള സംസ്കാരത്തിന്റെ ഭാഗമായ വ്യത്യസ്ത തരം പൂക്കൾ ശേഖരിച്ച് 'പുഷ്പ മേള'സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് | മലയാളം അധ്യാപകർ |
| 7) കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക | 10) പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ ക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം | ഓഗസ്റ്റ് | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| | നൽകുന്നു. | | |
| 8) വാർത്ത അവതരണ മികവ് വർദ്ധിപ്പിക്കുന്നു. | 11) ഓരോ ആഴ്ചയിലെയും സ്കൂളിലെ പ്രധാനപ്പെട്ട വാർത്തകൾ/ സംഭവങ്ങൾ അസംബ്ലിയിൽ വാർത്തയായി വായിക്കുന്നു. | ഓഗസ്റ്റ് | ക്ലാസ് ലീഡർമാർ, അധ്യാപകർ |
| 9) വായിച്ചും നിരീക്ഷിച്ചും കണ്ടെത്തിയ ആശയങ്ങൾ ഉചിതമായ സന്ദർഭങ്ങളിൽ ആവിഷ്കരിക്കുന്നു. | 12) ചാനൽ ചർച്ച | സെപ്റ്റംബർ | മലയാളം അധ്യാപകർ |
| 10)പ്രമുഖസാഹിത്യകൃതികളെ മുഴുവൻ കുട്ടികൾക്കും പരിചയപ്പെടുത്തുന്നു. | 13) ആസ്വാദനക്കുറിപ്പ് അവതരണം | ഒക്ടോബർ | മലയാളം അധ്യാപകർ |
| 11) സാഹിത്യത്തിലെ കാവ്യ മേഖലയെ അടുത്തറിയൽ | 14) കവിയരങ്ങ്<br>15)കവിതാലാപനം | നവംബർ | മലയാളം അധ്യാപകർ |
| 12) സർഗാത്മകശേഷി വളർത്തുന്നു. | 16) പാഠ്യപദ്ധതിയിലെ ആനുകാലിക പ്രാധാന്യമുള്ള കാവ്യഭാഗം ദൃശ്യ രൂപത്തിൽ ആവിഷ്കരിക്കുന്നു.<br>17) പാഠഭാഗവുമായി ബന്ധപ്പെട്ട വാങ്മയ ചിത്രങ്ങളെ വർണ്ണ ചിത്രങ്ങളാക്കി പ്രദർശിപ്പിക്കുന്നു. | ഡിസംബർ | മലയാളം അധ്യാപകർ |
| 13) വിവിധ വ്യവഹാര രൂപങ്ങളിൽ സർഗാത്മ ശേഷി പ്രകടിപ്പിക്കൽ | 18) ഡിജിറ്റൽ പതിപ്പ്<br>19) മാഗസിൻ നിർമ്മാണം | ജനുവരി | വിദ്യാർത്ഥി പ്രതിനിധികൾ |

# ENGLISH

| AIMS | ACTIVITIES | DURATION | DUTY |
|---|---|---|---|
| 1. To improve listening skill | 1.Listening to poems (ICT)<br>*Skit<br>*Conversation<br>*Watching English movies.<br>*documentaries, interviews, English news channels | June to August | Class teacher, English teachers |
| 2. To improve speaking skill | 2.English assembly<br>English day celebration<br>Speech on different topic<br>Conducting quiz competition<br>Give instructions<br><br>*Library<br>*Reading corner in the class<br>*Newspaper reading.<br>*Picture reading<br>*Reading sign boards and posters<br>*Using reading materials effectively<br>*Wall magazine<br>*Self dictionary and poster making<br>*English magazine<br>*Designing invitation cards, posters and greeting cards<br>*Writing stories and speech<br>*Handwriting competition<br>*Spell bee competition<br>*Diary writing<br>*Making riddles and puzzles | August to November | Class teacher, English teachers |
| 3. To improve reading skill | *Using the library book<br>*English reading competition<br>*Newspaper reading<br>*Using reading materials effectively<br>*Picture reading<br>*Poster, sign board, notices.<br>*Conducting quiz competition | December to January | Class teachers, English teachers |
| 4. To improve writing skill | *Wall Magazine,<br>*Newspaper preparation<br>*Story writing<br>*Diary writing<br>*Poster making<br>*Script writing<br>*Dictionary writing<br>*Designing greeting and invitation<br>cards<br>*Handwriting competitions<br>*Making riddles and puzzles<br>*Editing different discourse | January to February | Class teachers, English teachers |

# ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തി യെടുക്കുക.

. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1.അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറി യാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയ പ്പെടുത്തുന്നു. | അക്ഷരങ്ങൾ ഉറക്കെ വായിച്ചു കൊണ്ട് എഴുതിക്കുന്നു .<br>വിവിധ വർക്ക്ഷീറ്റുകൾ നൽകി ചിഹ്നം ചേർക്കൽ, ഉച്ചാരണം പരിശീലിപ്പിക്കുന്നു.<br>പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് ടെലിഫിലിം കാണാൻ അവസരം നൽകുന്നു. | ജൂൺ - ജൂലൈ |
| 2.ആഴ്ച്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ഓരോ ദിവസത്തേയും തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു. | ആഗസ്റ്റ് |
| 3.സാഹിത്യാഭിരുചി വളർത്തുക ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ- ഒക്ടോബർ |
| 4.വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായന യ്ക്കായി നൽകുന്നു. | നവംബർ - ഡിസംബർ |

# UP സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്:**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദനം, കുളം, ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്<br><br>ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ്ക്ലബ്ബ് |
| | **പരീക്ഷണക്കളരി**<br><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോ ഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്ന പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ്ക്ലബ്ബ് |
| 2)ശാസ്ത്ര പ്രക്രിയാ ശേഷി<br>വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ഊർജ്ജ ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആദിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊയക്ക്കൾ തയ്യാറാക്കി റിപ്പോർട്ട് അവത രിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>ആധുനീക ശാസ്ത്ര ലോകത്തിൻ്റെ വിവിധ കണ്ടെത്തലു കൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ്ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകർ |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയചുമർഓരോക്ലാസിലുംനിർമ്മിക്കുന്നു.<br><br>**മുഖാമുഖം**<br>-ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവ സരം നൽകുന്നു ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br><br>**യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ,സ യൻസ്ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകർ |

| ഹൈസ്കൂൾ സയൻസ് | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1.പാരമ്പര്യേതര ഊർജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ | അക്കാദമിക വർഷം | പി.ടി.എ. രക്ഷിതാക്കൾ |
| 2.പരീക്ഷണക്കളരി: കൗതുകം,ജിജ്ഞാസ,നിരീക്ഷണ പാടവം എന്നിവപരിപോഷിപ്പിക്കുക | ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി - പരീക്ഷണങ്ങൾ പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 3. ചാന്ദ്രദിനാചരണം: ബോധവൽക്കരണം<br><br>4.കർക്കിടക പെരുമ | ശാസ്ത്രദിനാചരണങ്ങളുടെ പിന്നിലെ ശാസ്ത്രസത്യങ്ങൾ തിരിച്ചറിയുന്നതിന് സഹായിക്കുന്നപ്രസംഗം,കവിതഅവതരണം.<br>ഡിജിറ്റൽ മാഗസിൻ, ഔഷധസസ്യ പ്രദർശനം,മരുന്നുകഞ്ഞി വിതരണം | ജൂലൈ | സയൻസ് അധ്യാപകർ<br><br>ശാസ്ത്രഅധ്യാപകർ, പി.ടി.എ. രക്ഷിതാക്കൾ |
| 5.ശാസ്ത്രലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്ന | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 6. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 7. ആയുർരേഖ: പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. തണൽവൃക്ഷങ്ങൾനട്ട്പിടിപ്പിക്കൽ,ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ,സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 8.അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ,നേററിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 9.ശാസ്ത്രലാബ് നവീകരണം: ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ് ,കെമസ്ട്രി,ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

## വിഷയം - ഗണിതം LP

**പ്രവർത്തന ലക്ഷ്യങ്ങൾ**

1. ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു (100 ൽ താഴെ)
2. ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.
3. പത്തിൻ്റേയും ഒന്നിൻ്റേയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ.
4. രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
5. സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
6. സ്ഥാനവില തിരിച്ചറിയൽ.
7. നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ
8. സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
9. കലണ്ടർ സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ
10. ജ്യാമതീയ രൂപങ്ങൾ തിരിച്ചറിയൽ
11. നിത്യജീവിത സന്ദർഭങ്ങളിലൂടെ നാലക്ക സംഖ്യകൾ രൂപീകരിക്കുന്നു.

12 നാലക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു

13. പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ നിർദ്ധാരണം ചെയ്യുന്നു.

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണിചേർ<u>ത്തു</u>കൊണ്ടാണ് ഗണിതപഠനം എൽ. പി തല ത്തിൽ അവതരിപ്പിക്കുന്നത് കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകും വിധം പ്രവർത്തന ങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിത ത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും ഗണിതപഠനം ലക്ഷ്യം വയ്ക്കുന്നു.

# വിഷയം - ഗണിതം ഹൈസ്കൂൾ

**പ്രവർത്തന ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ ഗണിതത്തിൽ താൽപര്യം വളർത്തുക.
2. എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ചെയ്യുന്നതിനുള്ള പ്രാവീണ്യം നേടുക.
3. മനക്കണക്ക് പ്രോത്സാഹിപ്പിക്കുക.
4. കുട്ടികളിൽ ഗണിതാശയങ്ങളിൽ താൽപര്യം വർദ്ധിപ്പിക്കുക.
5. ഗണിതപഠനം കൂടുതൽ രസകരമാക്കുന്നതിന്.

**പ്രവർത്തനങ്ങൾ**

ജൂൺ

8, 9, 10 ക്ലാസുകളിലെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് പ്രീ ടെസ്റ്റ് നടത്തുക.

ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ - സങ്കലനം, വ്യവകലനം, ഗുണനം, ഹരണം

പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ചതുഷ്ക്രിയകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് എല്ലാദിവസവും അരമണിക്കൂർ പ്രത്യേക മോഡ്യൂൾ പ്രകാരം ക്ലാസുകൾ എടുക്കുന്നു

**ചുമതല**

ഗണിത അധ്യാപകർ പ്രത്യേകം സെലക്ട് ചെയ്ത കുട്ടികൾ.
പീയർ ഗ്രൂപ്പ് ലേണിങ്ങ്

ക്ലാസിലെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി ക്ലാസിലെ സെലക്ട് ചെയ്ത് 3, 4 കുട്ടി കളെ ഏൽപിക്കുകയും അവരുടെ സഹായത്തോടുകൂടി പിന്നാക്കം നിൽക്കുന്ന കുട്ടികൾ മുന്നിലെത്തുന്നു.

ഓക്ടോബർ, നവംബർ, ഡിസംബർ
ചതുഷ്ക്രിയകൾ ഉറപ്പിച്ചതിനുശേഷം ബീജഗണിതം ഉപയോഗിച്ചുള്ള കണക്കുകൾ, പരപ്പളവ്, വ്യാപ്തം മുത ലായ ഉപയോഗിച്ചുള്ള പരിശീലനപ്രശ്നങ്ങൾ ചെയ്യിപ്പിക്കുന്നു.

**ചുമതല**

ഗണിത അധ്യാപകർ ക്ലാസിലെ ഓരോ കുട്ടിയെയും വ്യക്തിപരമായി പരിഗണിച്ച് അവർക്ക് വേണ്ടുന്ന മോഡ്യൂൾ തയ്യാറാക്കി പരിശീലിപ്പിക്കണം. ഓരോ മാസവും അവസാനം പ്രീ ടെസ്റ്റ് നടത്തി വ്യക്തിഗത വിലയിരുത്തൽ നടത്തുകയും പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു
എസ്. എസ്. എൽ. സി കുട്ടികളെ ഗണിതത്തിൽ മുന്നോട്ടുകൊണ്ടുവരുന്നതിന് രാവിലെ 9 മണി മുതൽ 9.30 വരെ ക്ലാസ് എടുക്കാൻ തീരുമാനിച്ചു.
8, 9, 10 ക്ലാസുകൾ എല്ലാ മാസവും അവസാനം യൂണിറ്റ് ടെസ്റ്റ് നടത്തുകയും മൂല്യനിർണ്ണയം നടത്തി പി. റ്റി. എ മീറ്റിംങ്ങിൽ അവതരിപ്പിക്കുകയും ചെയ്യും. 10-ാം ക്ലാസിലെ D+ ലെവൽ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുകയും A+ ലെവൽ കുട്ടികൾക്ക് അവർക്കാവശ്യമായ മോഡ്യൂൾ തയ്യാറാക്കി ജനുവരി, ഫെബ്രുവരി മാസ ങ്ങളിൽ കോച്ചിംഗ് കൊടുക്കാനും തീരുമാനിച്ചു.

# ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക.<br><br>2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടു ക്കക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | കാട്ടും മേടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രപ്പകൾ സംഘടിപ്പിക്കുന്നു.<br>വയൽ കിളികൾ: സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീക രിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പകൾ സംഘടിപ്പിക്കുന്നു.<br><br>ഒന്നായി നമ്മൾ: സ്കൂൾ പാർലമെൻ്റ്, മോക്ക് പാർല മെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനമായി നടത്തുന്ന നിശ്ചയിച്ച തീയ്യതികളിൽ<br><br>അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3)സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക.<br><br>4) കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക.<br><br>5) കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക.<br><br>6) വ്യത്യസ്ത ഇനം മണ്ണി നെക്കുറിച്ചും, ജലാശയങ്ങ ളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | സ്റ്റാർട്ട് അപ്പ്: സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീക രിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു.<br><br>ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ പ്രൊജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവ യിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.<br>പട്ടുപാതയിലൂടെ :ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾകുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിത മാക്കുന്നു.<br><br>മൈ സിനിമ റൂം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ടപൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കു റിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം)<br><br>ചരിത്ര കൊട്ടാരം: വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | വർഷം മുഴുവനും<br><br>അക്കാദമിക വർഷം<br><br>വർഷം മുഴുവനും<br><br>അക്കാദമിക വർഷം മുഴുവനും<br><br>അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ |

# ഫിസിക്കൽ എഡ്യൂക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ദൈനംദിന കായിക പ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നതിലൂടെ മെച്ച പ്പെട്ട ആരോഗ്യം കൈവരിക്കാം എന്ന് മനസ്സിലാക്കുക. | കായിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന തിനു മുൻപ് വാമിംഗ് അപ്പ് ചെയ്യിക്കുകയും കായിക പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു. ഉദാഹരണം സ്ട്രെച്ചിങ് എക്സർസൈസു കൾ, ഫ്രീ ഹാൻഡ് സ്ട്രെച്ചിംഗ് എക്സർ സൈസുകൾ, കൂളിംഗ് ഡൗൺ എക്സർ സൈസുകൾ | ജൂൺ | കായിക അധ്യാപകർ |
| 2. തെരഞ്ഞെടുത്ത ഒന്നാമത്തെ ഗെയി മിൻ പഠനം (ബാസ്കറ്റ്ബോൾ) | ബാസ്ക്കറ്റ്ബോൾ കളിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അടിസ്ഥാന ഘടകമാണ് ഷൂട്ടിംഗ്. കളിയുടെ വിധി നിർണയിക്കുന്നത് പോയിന്റുകളാണ്. ഇതിനായി കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂലൈ | കായിക അധ്യാപകർ |
| 3.യോഗപരിശീലന ത്തിലൂടെ ശാരീ രിക മാനസിക ക്ഷമത മെച്ചപ്പെടുത്തുന്നു. | താഡാസനം, സുഖാസനം, ഭുജംഗാസനം, മകരാസനം, നൗകാസനം പശ്ചിമോത്ഥസനം, ശവാസനം. | ഓഗസ്റ്റ് | കായിക അധ്യാപകർ |
| 4. കിഡ്സ് അത്ലറ്റിക്സ് ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | കറങ്ങിയുള്ള ഏറ്, പിന്നിലേക്ക് എറിയൽ, ഷോർട്ട് റണ്ണപ്പ്, ലോങ് ജംപിങ് മൂന്ന് ചാട്ടം, സിഗ് സാഗ് ആൻഡ് ഹർഡിൽ റിലേ, ഹോപ്പ് ആൻഡ് പ്രിൻ്റ് റിലേ | സെപ്റ്റംബർ | കായിക അധ്യാപകർ |
| 5. പ്രഥമ ശുശ്രൂഷ ചെയ്യേണ്ട രീതിയെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കൽ | കളിക്കിടയിൽ കുട്ടികൾക്ക് സംഭവിക്കാവുന്ന അപകടങ്ങളെ തുടർന്ന് എന്തൊക്കെ പ്രഥമ ശുശ്രൂഷ നൽകാമെന്ന് പരിശീലിപ്പിക്കുന്നു. ഉദാ: നോസ് ബ്ലീഡിങ്, തലചുറ്റൽ, മുറിവ്, ചതവ്, പൊള്ളൽ. | ഒക്ടോബർ | കായിക അധ്യാപകർ |
| 6. തെരഞ്ഞെടുത്ത രണ്ടാമത്തെ ഗെയിമിൻ്റെ പഠനം (ത്രോ ബോൾ) | കുട്ടികളെ ബോൾ കറക്കി എറിയാൻ പരിശീലിപ്പിക്കുന്നു. | നവംബർ | കായിക അധ്യാപകർ |
| 7. കായിക സുരക്ഷിതത്വം | കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഉപയോഗിക്കുന്ന സുരക്ഷാ ഉപകരണങ്ങളെ പറ്റി ധാരണ നൽകുന്നു. | ഡിസംബർ | കായിക അധ്യാപകർ |
| 8. തെരഞ്ഞെടുത്ത മൂന്നാമത്തെ ഗെയിമിൻറെ പഠനം (ഷട്ടിൽ ബാഡ്) | ഷട്ടിൽ ബാഡ്മിൻറൺ സർവീസ് കുട്ടികളെ പരിശീലിപ്പിക്കുന്നു. | ജനുവരി | കായിക അധ്യാപകർ |
| 9. പരിസ്ഥിതിയും സ്പോർട്സും | സമൂഹങ്ങൾ തമ്മിലുള്ള ബന്ധം ഒളിമ്പിക് സിൻ്റെ പ്രാധാന്യം ഒഗെയിംസിലും അത്‌ലറ്റി ക്സിലുമുള്ള മത്സര തലങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നു. | ഫെബ്രുവരി മാർച്ച് | കായിക അധ്യാപകർ |

| പ്രവർത്തി പരിചയം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1. സ്കൂളിലും വീട്ടിലും പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പ്രാഥമിക അറിവു കളും പ്രോത്സാഹനവും നൽകുക. | ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാ ഗുകളുടെ നിർമ്മാണം കൃഷിക്ക് ആവശ്യമായ നടീൽ മിശ്രിതം തയ്യാറാക്കൽ. | ജൂൺ, ജൂലൈ, ആഗസ്റ്റ് | WE അധ്യാപിക |
| 2. പ്ലാസ്റ്റിക് കവറുകളുടെ അമിതമായ ഉപയോഗം കുറയ്ക്കുന്നതിനായി പേപ്പർ കാരി ബാഗ് നിർമ്മാണം. | പേപ്പർ ക്യാരിബാഗ് നിർമ്മാണം മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് കാരിബാഗ് ഒഴിവാക്കി പരിസ്ഥിതിക്കിണങ്ങിയ മറ്റു വസ്തുക്കൾ കൊണ്ടുള്ള ക്യാരിബാഗ് നിർമ്മാണം. | സെപ്റ്റംബർ, ഒക്ടോബർ | WE അധ്യാപിക |
| 3. പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയത്തിൽ ഊന്നിക്കൊണ്ട് വസ്ത്ര നിർമ്മാണ പരിശീലനം. | 3. കുട്ടികളുടെ ലളിതമായ വസ്ത്രങ്ങൾ, അവയുടെ നിർമ്മാണരീതി, വസ്ത്രം തുന്നൽ എന്നീ മേഖലകളിൽ പ്രാവീണ്യം നേടാൻ കഴിയുന്നു. | നവംബർ, ഡിസംബർ | WE അധ്യാപിക |